പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7715 23/07/2012 - ൽ മറുപടിക്ക്

## തീരദേശ റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>„ വി. ഡി. സതീശൻ:<br>„ എം. പി. വിൻസെന്റ്:<br>„ റ്റി. എൻ. പ്രതാപൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശത്തെ വികസന രംഗത്തുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി തീരദേശ റോഡുകളുടെ വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ജനപ്രതിനിധികളിൽ നിന്നും, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിന്നും ലഭിച്ച നിവേദനങ്ങൾ ജില്ലാടിസ്ഥാനത്തിൽ ഏകീകരിച്ച് ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിച്ച ലിസ്റ്റിൽപ്പെട്ട റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തു വരുന്നു. |
| (ബി) തീരദേശ റോഡ് വികസനത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയെന്നും ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) തീരദേശ വികസനത്തിന് 2011-12-ൽ 48.65 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 2011-12-ൽ 3556.597 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തീരദേശ റോഡു വികസനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇത് മുൻ വർഷം അനുവദിച്ച തുകയെക്കാൾ കൂടുതലാണോ; എങ്കിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് എന്ന് വെളിപ്പെടുത്തുമോ ; | (സി) ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തീരദേശ റോഡു വികസനത്തിന് 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷം അനുവദിച്ച തുക (48.65 കോടി) യെക്കാൾ കൂടുതലാണ്. 13.05%-ന്റെ വർദ്ധനവാണ് ഉള്ളത്. |

| | |
|---|---|
| (ഡി) തീരദേശ വികസനം ഏത് ഏജൻസി വഴിയാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) തീരദേശ വികസനത്തിൽ ഉൾപ്പെടുന്ന തീരദേശറോഡുകളുടെ വികസനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നിർവഹിക്കപ്പെടുന്നത്. |

Raji Rajendran

സെക്ഷൻ ഓഫീസർ